LIBRARY ARCHIVES Kerala Legislative Assembly

മ്യൂസിയം പോലീസിനെതിരെ നടപടി

50 (1793) ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറോട് 15-9-2009-ൽ നമ്പർ 9691/2009/വി.ഐ.പി. പ്രകാരം ടേക്ക് അർജന്റ് ആക്ഷൻ ആന്റ് റിപ്പോർട്ട് എന്ന് മന്ത്രി രേഖപ്പെടുത്തി നൽകിയ പരാതിയിന്മേൽ നാളിതുവരെ എന്തെല്ലാം തുടർനടപടികൾ കമ്മീഷണർ കൈക്കൊണ്ടിട്ടുണ്ടെന്ന് വിശദീകരിക്കുമോ ;

(ബി) പ്രസ്തുത പരാതി സിറ്റി പോലീസ് കമ്മീഷണർ മ്യൂസിയം പോലീസിന് കൈമാറിയതിനുശേഷം മ്യൂസിയം പോലീസ് നാളിതുവരെ എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(സി) മന്ത്രി ആവശ്യപ്പെട്ട റിപ്പോർട്ട് നൽകിയിട്ടുണ്ടോ : എങ്കിൽ എന്നാണ് ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) ഈ പരാതി സംബന്ധിച്ച് സിറ്റി പോലീസ് കമ്മീഷണർക്ക് വിവരാവകാശ നിയമപ്രകാരം ലഭിച്ച അപേക്ഷ മ്യൂസിയം പോലീസിന് കൈമാറിയതിന് നാളിതുവരെ മറുപടി നൽകിയിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ; മറുപടി നൽകിയിട്ടില്ലെങ്കിൽ എന്തുകൊണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഇ) മന്ത്രിയുടെ കുറിപ്പ് സഹിതം സിറ്റി പോലീസ് കമ്മീഷണർക്ക് റിപ്പോർട്ടിനായി നൽകിയിട്ടുള്ള അപേക്ഷകളിൽ ഡി.ജി.പി. റിപ്പോർട്ട് തേടുമെന്ന് സഭയിൽ പ്രഖ്യാപിച്ചത് പാലിക്കപ്പെട്ടിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ;

(എഫ്) മന്ത്രി ആവശ്യപ്പെട്ട നടപടികൾ കൈക്കൊള്ളാത്ത പോലീസുകാരുടെ പേരിൽ നടപടി കൈക്കൊള്ളുമോ ; എങ്കിൽ എന്തെല്ലാം നടപടികൾ കൈക്കൊള്ളുമെന്ന് വെളിപ്പെടുത്തുമോ ;

(ജി) പ്രസ്തുത പരാതിയിന്മേൽ അടിയന്തിര നടപടികൾ കൈക്കൊണ്ട് റിപ്പോർട്ട് ചെയ്യുവാൻ താമസിച്ചതിന് വിശദീകരണം ആവശ്യപ്പെടുമോ ;

(എച്ച്) പ്രസ്തുത അപേക്ഷയിന്മേൽ അടിയന്തിര നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ-എച്ച്) വിവരം ശേഖരിച്ചു നൽകുന്നതാണ്.

കെ. പി. മറിയത്തിനെതിരായ അതിക്രമം

51 (1794) ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശ്രീമതി കെ. പി. മറിയം, W/o എം. മുസ്തഫ, നൂർമഹൽ, ബദരിയ്യ നഗർ, തളിപ്പറമ്പ് എന്നയാളുടെ വീട് ആക്രമിക്കുകയും ശാരീരികമായി ആക്രമിക്കുകയും ചെയ്തതിനെതിരെ പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പരാതിയിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് :

(സി) ഇതുമായി ബന്ധപ്പെട്ട് ആരെയെങ്കിലും കസ്റ്റഡിയിലെടുക്കുകയോ ചോദ്യം ചെയ്യുകയോ ചെയ്തിട്ടുണ്ടോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

പുതിയ പോലീസ് സ്റ്റേഷനുകൾ

52 (1795) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് ഇക്കൊല്ലം എത്ര പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു ; അവ എവിടെയൊക്കെയാണ് സ്ഥാപിക്കുന്നത് ?

ഉത്തരം

ഈ സാമ്പത്തിക വർഷം സംസ്ഥാനത്ത് പനമരം, മങ്കട, മണ്ണന്തല മണ്ണഞ്ചേരി, മയ്യിൽ, ചോറ്റാനിക്കര എന്നിവിടങ്ങളിൽ ആറ് പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്.

പുതിയ പോലീസ് സ്റ്റേഷനുകളും പോലീസ് സ്റ്റേഷനുകളിലെ അടിസ്ഥാന സൗകര്യങ്ങളും

53 (1796) ശ്രീ. എം. മുരളി :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തികവർഷം എത്ര പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) പോലീസ് സ്റ്റേഷനുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(സി) ഇത്തരം അടിസ്ഥാന സൗകര്യങ്ങളില്ലാത്ത പോലീസ് സ്റ്റേഷനുകളുടെ മുൻഗണനാക്രമത്തിലുള്ള ലിസ്റ്റ് തയ്യാറാക്കി സമയബന്ധിതമായി ഇത്തരം സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ സാമ്പത്തിക വർഷം സംസ്ഥാനത്ത് പനമരം, മങ്കട, മണ്ണന്തല മണ്ണഞ്ചേരി, മയ്യിൽ, ചോറ്റാനിക്കര എന്നീ സ്ഥലങ്ങളിലായി ആറ് പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് ഉത്തരവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly